

THURSDAY 26.10.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/10/202

1. പി എം കിസാൻ സമ്മാൻ നിധി പദ്ധതി ആനുകൂല്യം തുടർന്ന് ലഭിക്കാൻ ആധാർ സീഡിങ്, ഇ -കെ വൈ സി, ഭൂരേഖകൾ എന്നിവ വിജയകരമായി പൂർത്തിയാക്കാത്തവർ 2023 ഒക്ടോബർ 31ന് അകം പൂർത്തിയാക്കുക. ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. ആധാർ കാർഡും ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണുമായി കൃഷിഭവൻ നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസിൽ എത്തി IPPB സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്. അക്ഷയ, സി എസ് സി ജനസേവന കേന്ദ്രങ്ങൾ മുഖേന eKYC പൂർത്തീകരിക്കുക. ഗൂഗിൾ പ്ലേ സ്റ്റോർ വഴി PMKISSAN GOI എന്ന ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഗുണഭോക്താക്കൾക്ക് നേരിട്ടും e-KYC പൂർത്തീകരിക്കാവുന്നതാണ്. റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂരേഖകൾ ഉള്ളവർ എയിംസ് പോർട്ടലിൽ നേരിട്ടോ അക്ഷയ, സി എസ് സി ജനസേവന കേന്ദ്രങ്ങൾ മുഖേനയോ ഭൂരേഖകൾ രേഖപ്പെടുത്തേണ്ടതാണ്. ഇതുവരെ ഓൺലൈൻ വഴി സ്ഥലവിവരം രേഖപ്പെടുത്താൻ കഴിയാത്തവർ ബന്ധപ്പെട്ട കൃഷിഭൂമിയുടെ 2018 -19 ലെയും നിലവിലെയും ഭൂരേഖകൾ, അപേക്ഷ എന്നിവ നേരിട്ട് കൃഷിഭവനിൽ സമർപ്പിച്ച് പിഎം കിസാൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ആധാർ സീഡിങ്, ഇ- കെ വൈ സി ഭൂരേഖകൾ പോർട്ടലിൽ രേഖപ്പെടുത്തൽ എന്നിവ പൂർത്തീകരിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ നടക്കുന്ന ക്യാമ്പയിനിൽ പങ്കെടുക്കുവാൻ കർഷകർ അവരുടെ കൃഷിഭൂമി സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകളിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്. മേൽപ്പറഞ്ഞ നടപടികൾ 2023 ഒക്ടോബർ 31 നകം പൂർത്തീകരിക്കാത്തവർക്ക് പദ്ധതി അനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം അനർഹരാകുന്നവർ ഇതുവരെ കൈപ്പറ്റിയ തുക തിരിച്ച് അടയ്ക്കേണ്ടി വരും. പി എം കിസാൻ പദ്ധതിയിൽ പുതുതായി അംഗമാകുന്നതിന് സ്വന്തമായോ അക്ഷയ ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ ആധാർ കാർഡ് 2018 -19 ലെയും അതേ ഭൂമിയുടെ നിലവിലെയും കരമടച്ച രസീത് എന്നിവ ഉപയോഗിച്ച് www.pmkisan.gov.in പോർട്ടലിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-180-1551 എന്ന ടോൾഫ്രീ നമ്പറിലോ PMU KERALA 0471-2304022,04712964022 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2023- 24 പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തൽ, ധാതുലവണ വിതരണം, പ്രത്യേക കന്നുക്കുട്ടി പരിപാലനം എന്നീ പദ്ധതികളുടെ അപേക്ഷയും രേഖകളും ഗുണഭോക്തൃ വിഹിതവും (മുട്ടക്കോഴി വളർത്താൻ) കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലെ പരിയാരം വെറ്ററിനറി പോളിക്ലിനിക്കിൽ ഈ മാസം 31ന് 3 മണിക്ക് മുൻപ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

3. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ പൂവൻകോഴിക്കുഞ്ഞുങ്ങൾ അഞ്ചു രൂപ നിരക്കിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും വിൽപനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക്ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

4. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2023 ഒക്ടോബർ 30 മുതൽ 31 വരെയുള്ള 2 ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി "തീറ്റപ്പുൽ കൃഷി പരിശീലനം എന്ന വിഷയത്തിൽ ക്ലാസ്സ് റും പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള കർഷകർക്ക് ഓച്ചിറ പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ,കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ 2023 ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 04762698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് അർഹമായ ടി എ യും ഡി എ യും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 30ന് ഒരു ദിവസത്തെ **പെറ്റ് ഡോഗ് മാനേജ്മെന്റ്** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു നായ വളർത്തുന്നതിൽ താല്പര്യമുള്ള

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ഉള്ളവർ ഈ മാസം 28ന് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9946624167, 04972763473 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 30, 31 തീയതികളിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ മാസം 30, 31 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് കുടപ്പനക്കുന്ന് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു.